(ബി) റോഡുകൾക്ക് വീതി നിബന്ധന വച്ചിരിക്കുന്നതിനാലും മിനിമം തുകയുടെ പ്രവൃത്തി വേണം എന്നു നിഷ്കർഷിച്ചതിനാലും മലയോര ഗ്രാമീണ മേഖലയിലെ റോഡുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം അനുവദിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എം. പി., എം. എൽ. എ. ഫണ്ടുകളുടെ വിനിയോഗത്തിന് റോഡുകളുടെ വീതിയോ അനുവദിക്കുന്ന തുകയോ സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഒരു ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനിൽ എത്ര ഗ്രാമപഞ്ചായത്ത് വാർഡുകളാണ് ഉൾപ്പെടുക ; ഇപ്പോൾ റോഡുകൾക്ക് നൽകിയിട്ടുള്ള നിബന്ധനകൾ മാറ്റി റോഡുകളുടെ വീതി പരിഗണിക്കാതെ മിനിമം തുക ഒരു ലക്ഷമാക്കി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിനായി ഉത്തരവ് നൽകുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

49 (3016) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ സംസ്ഥാനങ്ങൾക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിൻമേൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) തൊഴിൽ സാദ്ധ്യതയുള്ള മേഖലകളെ തൊഴിലുറപ്പു പദ്ധതിയുടെ മൂൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മേഖലകളെയാണ് ഇപ്രകാരം ഒഴിവാക്കിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) കയർ, ഖാദി, ക്ഷീര വികസനം, പരമ്പരാഗത തൊഴിൽ മേഖല എന്നിവയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ എന്തു നടപടിയാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെയും കേന്ദ്ര സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ അയൽക്കൂട്ടതലം മുതൽ ജില്ലാതലം വരെ ചർച്ച ചെയ്ത് രൂപപ്പെടുത്തുന്ന ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മ പദ്ധതിയുടെയും അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നിലവിൽ പദ്ധതി നിർവ്വഹണം നടന്നുവരുന്നത്. 100% പ്രവൃത്തികളുടെയും നിർവ്വഹണം ഗ്രാമപഞ്ചായത്തുകളാണ് നിർവ്വഹിച്ചു വരുന്നത്.)

(ബി) അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതും (non-measurable) പ്രകടമല്ലാത്തതും (non-tangible), പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള (repetitive) പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നത് 3-1-2014-ൽ ഭേദഗതി ചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I പ്രകാരം നിരോധിച്ചിട്ടുണ്ട്.

(സി) കയർ, ഖാദി, കൈത്തറി, ക്ഷീരവികസനം എന്നിവയെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല.

സംയോജിത നീർത്തട വികസന പദ്ധതി

50 (3017) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകൾ മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നടത്തുന്ന സംയോജിത നീർത്തട വികസന പദ്ധതിയുടെ (IWMP) പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്താറുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി ഫലപ്രദമായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ ഒരു ഉദ്യോഗസ്ഥൻ (VEO) തന്നെ ഒന്നിലേറെ വാട്ടർഷെഡുകളുടെ (ചില സർക്കിളുകളിൽ 8 എണ്ണത്തിൽ വരെ) സെക്രട്ടറിയായി പ്രവർത്തിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;